

FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

31 JULY 2020

09 DHUL-HIJJAH 1441 AH

# Duahs (Invocations) (Pt. 4)

## ദുആകൾ (ഭാഗം – 4)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ദുആകൾ (ഭാഗം –4)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ്! **ദുആകൾ** എന്ന വിഷയത്തിൽ ഖുത്തുബ നിർവ്വഹണം തുടരുവാനുള്ള തൗഫീക്ക് അല്ലാഹു(ത) എനിക്ക് നല്കിയിരിക്കുന്നു.

ഞാൻ ഇന്നും ദുആകൾ എന്ന വിഷയത്തെ ആസ്പദമാക്കിത്തന്നെ ഖുത്തുബ നിർവ്വഹിക്കുന്നത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹം ഒന്നു കൊണ്ടു മാത്രമാണ്. അൽഹംദുലില്ലാഹ് !സുമ്മ അൽഹംദുലില്ലാഹ്. അല്ലാഹു(ത) വെളിപാടുകൾ, ദർശനങ്ങൾ, സ്വപ്നങ്ങൾ തുടങ്ങിയവയിലൂടെ എന്റെ ശിഷ്യരുടെ ഈമാനെ ദൃഢീകരിക്കുകയും, എന്റെ സത്യതയെ ദൃഢമാക്കുകയും ചെയ്യുന്നത്, അവന്റെ മഹത്തായ അനുഗ്രഹം തന്നെയാണ്.

അൽഹംദുലില്ലാഹ്! ദുആകൾ എന്ന വിഷയത്തെ ആസ്പദമാക്കി ഞാൻ നടത്തിവരുന്ന വെള്ളിയാഴ്ച ഖുത്തുബകളുടെ ചട്ടക്കൂടിനുള്ളിൽ നിന്നു കൊണ്ട്, എന്റെ ശിഷ്യർക്ക് ദുആകളുടെ മൂല്യം മനസ്സിലാക്കുന്നതിനും, ഈ നൂറ്റാണ്ടിലെ ദൈവീക

ദൃഷ്ടാന്തത്തിലുള്ള അവരുടെ വിശ്വാസത്തെ ദൃഢീകരിക്കുന്നതിനുമായി അല്ലാഹു(ത) അവരിൽ പലവിധേന പ്രത്യക്ഷീ ഭവിക്കുന്നു. കഴിഞ്ഞ വെള്ളിയാഴ്ച, അതായത് 2020 ജൂലൈ 24 വെള്ളിയാഴ്ച, ദുആകൾ എന്ന വിഷയത്തിൽ ഞാൻ 2020 ജൂലൈ 17ന് നിർവ്വഹിച്ച ഖുത്തുബ ഉപയോഗിച്ച്, തമിഴ്നാട് ജമാഅത്തിലെ, നാഇബ് അമീർ സലീം സാഹിബ് ഖുത്തുബ നിർവ്വഹിച്ചുകൊണ്ടിരുന്ന വേളയിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ആത്മീയാനുഭവം ഉണ്ടായി.

വെള്ളിയാഴ്ച ഖുത്തുബ നിർവ്വഹണവേളയിൽ, സലീംസാഹിബിന്റെ പിൻവശത്തായി ആകർഷണീയനും, ഗാംഭീര്യം തുളുമ്പുന്നവനുമായ ഒരു വ്യക്തി നില്ക്കുന്നതായി, അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് ഫാത്തിമ ജാസ്മിൻ സാഹിബയ്ക്ക് (കശ്ഫ് അവസ്ഥയിൽ) അനുഭവപ്പെട്ടു. ആ വ്യക്തി നല്ല ഉയരമുള്ളതും ഇടതൂർന്ന തലമുടിയുള്ള ആളും ആയിരുന്നു. പ്രസന്നഭാവത്തിൽ നിന്നിരുന്ന അദ്ദേഹത്തെ കണ്ട് ജാസ്മിൻ സാഹിബ അത്ഭുതപ്പെട്ടുപോയി. അവരുടെ റൂഹ് അദ്ദേഹത്തോട് താങ്കൾ ആരാണ്? എന്നുചോദിയ്ക്കുകയും, അതിന്, അല്ലാഹു എന്നെ അയച്ചിരിക്കുന്നു, നിങ്ങളെ സംരക്ഷിക്കുവാനായി അല്ലാഹു അയച്ച ഒരു മലക്ക് ആണ് ഞാൻ എന്ന മറുപടി ലഭിക്കുകയും ചെയ്തു.

അതു കേട്ട് ആശ്ചര്യപ്പെട്ടിരുന്ന അവരെ അവരുടെ മകൻ കുലുക്കി വിളിച്ചു. പിന്നീട് ആ മലക്കിനെ കണ്ടില്ല. അവർ അത് തന്റെ തോന്നൽ ആണെന്ന് കരുതി. പക്ഷേ, വീണ്ടും ആ മലക്കിന്റെ ആ വാക്കുകൾ അവർ കേട്ടു. അപ്പോൾ താനീ കണ്ടതും, കേട്ടതും വെറുമൊരു തോന്നൽ അല്ല എന്നവർ ഉറപ്പിക്കുകയുണ്ടായി. പിന്നീട് അവരുടെ കുട്ടികളും ആ മലക്കിനെ കണ്ടതായി പറഞ്ഞു. അൽഹംദുലില്ലാഹ്. ഇത് അവർക്കുണ്ടായ ഒരു ആത്മീയാനുഭവം തന്നെയാണ്. മാഷാ അല്ലാഹ്! അല്ലാഹു അക്ബർ.

അല്ലാഹുവിന്റെ വാഗ്ദാനം സത്യം തന്നെയാണ് എന്നതാണ് വാസ്തവം. അല്ലാഹു(ത)യിലും, ഈ നൂറ്റാണ്ടിലെ അവന്റെ ഖലീഫത്തുല്ലാഹ്യിലും അടിയുറച്ച വിശ്വാസം പുലർത്തുന്ന

എന്റെ സത്യസന്ധരും, ആത്മാർത്ഥതയുള്ളവരുമായ അനുയായികൾക്ക് അല്ലാഹു അവന്റെ സംരക്ഷണം പ്രദാനം ചെയ്യണേ എന്ന് ഞാൻ സദാ അല്ലാഹുവിനോട് കേണപേക്ഷിക്കുക പതിവാണ്. എന്റെ പ്രിയങ്കരരായ ശിഷ്യന്മാരുടെ വിശ്വാസത്തെ ശാക്തീകരിക്കുന്നതിനും, അവർക്ക് ധൈര്യം പകരുന്നതിനുമായി അല്ലാഹു അവർക്കായി പ്രത്യക്ഷീഭവിക്കുന്നത് തുടരുമാറാകട്ടെ. പ്രയാസങ്ങളുടെയും പ്രതിസന്ധികളുടേയും വേളകളിൽ അവർ ഹതാശരാകാതെ, വിഷമസന്ധിയിലും, സന്തോഷവേളയിലും അല്ലാഹുവിനെ പൂർണ്ണഹൃദയത്തോടെ നന്ദി പ്രകാശിപ്പിക്കുന്നവർ ആക്കി മാറ്റുകയും ചെയ്യുമാറാകട്ടെ.

ലോകമിന്ന് ഒരുപാട് പ്രതിസന്ധികളിലൂടെയും, വിഷമഘട്ടങ്ങളിലൂടെയും കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. എന്റെ അല്ലാഹ്! നിനക്ക് എന്നോടുള്ള സ്നേഹം അതൊന്നുകൊണ്ടു മാത്രമാണ്, എനിക്ക് വെളിപാടുകളിലൂടെ, ഈ ലോകം നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളെയും, പ്രയാസങ്ങളെയും -ലോകസാമ്പത്തികരംഗത്തെ വൻ ഇടിവ്, ലോകസാമ്പത്തിക രംഗത്തെ വിവിധ പ്രശ്നങ്ങൾ, തൊഴിലില്ലായ്മ, കൊള്ള, കൊല, പീഡനം, പിടിച്ചുപറി തുടങ്ങി ലോകത്തിന്റെ നാനാഭാഗങ്ങളിലും നടക്കുന്ന ദുഷിച്ച സംഭവങ്ങൾ-പറ്റി നീ എനിക്ക് അറിവ് നല്കിയിട്ടുള്ളതും, കാട്ടിത്തന്നിട്ടുള്ളതും! മദ്യത്തിനും, മയക്കുമരുന്നിനും വേണ്ടി പണം ലഭിക്കുവാനും, സ്വത്ത് കരസ്ഥമാക്കുവാനും വേണ്ടി യുവതലമുറ തങ്ങളുടെ മാതാപിതാക്കളെ കൊല ചെയ്യും! ലോകമെമ്പാടും നാനാതരത്തിലുള്ള വിപത്തുകൾ ഉണ്ടാകും. അധികാരത്തിനായുള്ള വടംവലി അതിലൊന്നു മാത്രം. അത്തരം യുദ്ധങ്ങളിൽ ചോരപ്പുഴ ഒഴുകുക തന്നെ ചെയ്യും. അതുപോലെ ഭക്ഷ്യദൗർലഭ്യത്താലും, ജലദൗർലഭ്യത്താലും പല രാജ്യങ്ങളിലും ജനങ്ങൾ മരണത്തെ പുല്കും. ഓപ്പൺ മാർക്കറ്റിൽ മരുന്നു ലഭ്യത കുറയും. അതേ സമയം ബ്ലാക്ക് മാർക്കറ്റിൽ മരുന്നു വില്പന കൂടും. പലവിധ രോഗങ്ങളാലും ജനങ്ങൾ അധികമധികമായി മരണമടയും.

വൻകിട രാജ്യങ്ങൾ, ദുർബല രാജ്യങ്ങൾക്കുമേൽ സമ്മർദ്ദ

തന്ത്രങ്ങൾ പ്രയോഗിക്കുകയും, അവരെ വരുതിയിലാക്കുവാൻ ശ്രമിക്കുകയും ചെയ്യും. മനുഷ്യരെ മാത്രമല്ല, മൃഗങ്ങളെയും ആക്രമിക്കുന്ന വൈറസുകൾ ആവിർഭവിക്കും. ചെറിയ കുഞ്ഞുങ്ങളെ ബാധിക്കുന്ന വൈറസും ഉത്ഭവിക്കും. ഇസ്ലാമിന്റെ ശത്രുക്കളായ ഇസ്ലാമോഫോബിക്-ആയ രാജ്യങ്ങൾ മുസ്ലിംങ്ങളെ തങ്ങളുടെ ലക്ഷ്യമാക്കി മാറ്റും. അവർ അവരെ പീഡനങ്ങൾക്കും യാതനകൾക്കും വിധേയരാക്കുകയും ചെയ്യും. എങ്ങും പ്രളയവും, ഭൂമികുലുക്കവും അനുഭവപ്പെടുകയും ആയിരക്കണക്കിന് ആളുകൾ മരണമടയുകയും ചെയ്യും. വിമാനദുരന്തങ്ങളും, കപ്പൽ/ബോട്ട് അപകടങ്ങളും സംഭവിക്കും. അങ്ങനെയും അനേകമാളുകൾ മരണമടയും. അഴിമതി, അധികാരവടംവലി, കള്ളക്കടത്ത്, കള്ളത്തരത്തിൽ പൂണ്ടുപോയ തെരെഞ്ഞെടുപ്പ് തുടങ്ങിയവ ലോകമെങ്ങും സംഭവിക്കും.

എന്റെ അല്ലാഹ്! ഇതെല്ലാം നീ എനിക്ക് ദർശനങ്ങളിലൂടെയും, സ്വപ്നങ്ങളിലൂടെയും വെളിപ്പെടുത്തിത്തന്നിരിക്കുന്നു. ഇവിടെ പറഞ്ഞതിലുമേറെ നീ കാണിച്ചു തന്നിരിക്കുന്നു. ഇതൊക്കെ കണ്ടിട്ടും, അറിഞ്ഞിട്ടും എന്റെ ഹൃദയം വേദനയാൽ നീറിപ്പുകയുകയാണ്. ഈ വേദന കാരണത്താൽ എന്റെ ജീവൻ പോകാറായി എന്നു തോന്നുന്നു. എനിയ്ക്കുണ്ടായിരുന്ന ശക്തിയൊക്കെ ചോർന്നുപോയിരിക്കുന്നു നാഥാ! എനിയ്ക്കൊരു കഴിവും, ശക്തിയും ഇല്ല. നീ പ്രപഞ്ചനാഥനാണല്ലോ. അങ്ങനെയുള്ള നീ ഈ ദുരന്തങ്ങളെയും, കെടുതികളെയും ഞങ്ങളിൽ നിന്നകറ്റേണമേ! ഞങ്ങളുടെ സങ്കടങ്ങളെ ഇല്ലാതാക്കേണമേ.

അല്ലാഹ്! നീ എനിക്ക് കാണിച്ചുതന്നിരിക്കുന്ന മറ്റൊരു സംഗതി വരാനിരിക്കുന്ന ഈ ദുരന്തങ്ങൾ മുഖേന, ഭൂമുഖത്ത് പുരുഷന്മാരുടെ എണ്ണം കുറയും എന്നാണല്ലോ! സ്ത്രീകളുടെയും, പെൺകുഞ്ഞുങ്ങളുടെയും എണ്ണം വളരെ കൂടുതലായിരിക്കും എന്നും, അവരെ എങ്ങനെ സംരക്ഷിക്കണമെന്നും നീ പഠിപ്പിച്ചിരിക്കുന്നു. നിന്റെ അനന്തമായ അനുഗ്രഹവും, സഹാ

യവും ഇല്ലെങ്കിൽ അതൊരു ഭാഗീരഥപ്രയത്നം തന്നെയാകും നാഥാ!

അല്ലാഹ്! ജനസംഖ്യാ നിരക്കുകൾ വച്ചുനോക്കുമ്പോൾ ഇപ്പോൾത്തന്നെ പുരുഷന്മാരേക്കാൾ അധികം ഉളളത് സ്ത്രീകൾ ആണ്.

ഓ! അല്ലാഹ്! വരാനിരിക്കുന്ന വൻവിപത്ത് -ഈ മൂന്നാം ലോകമഹായുദ്ധം-എപ്പോൾ, എവിടെ, എങ്ങനെ സംഭവിക്കും എന്ന് നിനക്കുമാത്രമാണ് അറിയാവുന്നത്. ലോകത്തെ പിടിച്ചുലക്കുന്ന ദാരിദ്ര്യം എങ്ങും വിളയാടും. അതിനാൽ, കഴിവുള്ളവർ ഭക്ഷ്യവസ്തുക്കളും, അടിസ്ഥാന ആവശ്യങ്ങൾക്കുള്ള വസ്തുക്കളും സംഭരിച്ചു കൊള്ളട്ടെ. കാരണം ഈ യുദ്ധം (വിപത്ത്/ദുരന്തം)കാരണമായി അവശ്യവസ്തുക്കൾക്ക് ക്ഷാമം അനുഭവപ്പെടും. കാരണം ഗതാഗതമില്ലായ്മ തന്നെ. സാധനങ്ങൾ കൈമാറ്റം ചെയ്യുന്ന കപ്പലുകളും, വിമാനങ്ങളും ഒന്നും തന്നെ ഉണ്ടാവുകയില്ല. ആയതിനാൽ നിങ്ങൾ അവശ്യവസ്തുക്കൾ സംഭരിച്ചുകൊളളുക. ബുദ്ധിമുട്ടിന്റെ സമയത്ത് നിങ്ങൾക്ക് കഷ്ടപ്പെടുന്നവർക്ക്-ഇല്ലാത്തവർക്ക്-അത് പങ്കുവെച്ചു കൊടുക്കാം. അനേകം പുരുഷന്മാർ മരണമടയും. വിധവകളുടേയും, അനാഥരാകപ്പെടുന്ന കുഞ്ഞുങ്ങളുടേയും എണ്ണം ക്രമാതീതമായി വർദ്ധിക്കും.

ഓ!അല്ലാഹ്! ഈ നൂറ്റാണ്ടിന്റെ തുടക്കം ദുരന്തങ്ങൾ നിറഞ്ഞതാണെന്നും, അത് ഈ നൂറ്റാണ്ടിന്റെ അവസാനം വരെ നീണ്ടു നില്ക്കുന്നതാണെന്നു നീ എനിക്ക് കാണിച്ചു തന്നിരിക്കുന്നു. പൊതുവിൽ ഈ നൂറ്റാണ്ട് മനുഷ്യരാശിക്ക് ബദ്ധപ്പാടിന്റെ നൂറ്റാണ്ടാണ്!

ഓ!അല്ലാഹ്! ഞാൻ പറയുന്ന കാര്യങ്ങൾ സത്യമാണെന്ന് ഈ ലോകത്തുള്ള എത്രപേർ വിശ്വസിക്കും? എത്രപേർ ഈ സന്ദേശത്തിനെതിരിൽ പുറം തിരിഞ്ഞു പോകും?

അല്ലാഹ്! നീ എനിക്ക് ചില കാര്യങ്ങൾ ചെയ്യുവാനുള്ള അനുമതി നല്കിയിട്ടുണ്ട് എന്നത് വാസ്തവം തന്നെ. പക്ഷേ, ഞാൻ ചെയ്യുന്നത് എത്രപേർ വിശ്വസിക്കും? എത്രപേർ എന്നെ,

അതു കണ്ടിട്ട് കളിയാക്കുകയും, അപഹസിക്കുകയും, എനിക്കെതിരിൽ ആരോപണങ്ങൾ ഉയർത്തുകയും ചെയ്യും?

❈ അല്ലാഹ്! എന്റെ പ്രാർത്ഥനകളെ കൂടുതൽ കൂടുതലായി സ്വീകരിക്കേണമേ! നിന്റെ അനുഗ്രഹങ്ങൾ എന്നിൽ വർഷിക്കുകയും, എന്നെയും എന്റെ കൂടെയുള്ളവരെയും നീ രക്ഷിക്കുകയും ഈ ബദ്ധപ്പാടുകളെയും, കഷ്ടതകളെയും അകറ്റുകയും ചെയ്യേണമേ!

❈ അല്ലാഹുവേ! എന്നിൽ നിഷിപ്തമായ ജോലി നിർവ്വഹിക്കുന്നതിൽ എന്നെ സഹായിക്കേണമേ! എന്റെ മേൽ പ്രയാസങ്ങളെ അടിച്ചേല്പിക്കരുതേ!

❈ എന്റെ അല്ലാഹ്! എന്നെ നീ നിന്നിൽ പൂർണ്ണമായും കീഴടങ്ങിയവനാക്കേണമേ!എന്റെ ഹൃദയത്തിൽ ഉൾക്കൊള്ളുന്നതും, എന്നാൽ വിനയംകൊണ്ടും ലജ്ജകൊണ്ടും എന്റെ നാവ് കൊണ്ട് പറയാൻ മടിക്കുന്നതുമായ എല്ലാം എനിക്ക് നല്കേണമേ!

❈ അല്ലാഹ്! നിനക്കു കഴിയാത്തതായി ഒന്നു തന്നെയില്ല തമ്പുരാനേ!

❈ അല്ലാഹ്! എന്നോടൊപ്പം സ്ഥിരചിത്തരായി നില്ക്കുന്നവരെ എല്ലാവിധ അശുദ്ധിയിൽ (തിന്മയിൽ) നിന്നും പവിത്രീകരിക്കുകയും, മറ്റുള്ളവരുടെ അടിമത്തത്തിൽ നിന്നും രക്ഷിക്കുകയും ചെയ്യേണമേ!

❈ അല്ലാഹ്! എല്ലാവരുടെയും ജീവിതങ്ങളെ സന്തോഷപ്രദമാക്കുകയും, അവരുടെ കഷ്ടതകളെ അകറ്റി എന്നോട് സഹകരിക്കുന്നവരും, മതത്തിന്റെ (ദീനിന്റെ) കാര്യത്തിൽ എന്നെ കേൾക്കുന്നവരാക്കി മാറ്റുകയും ചെയ്യേണമേ!

❈ അല്ലാഹ്! അവരുടെ ഭവനങ്ങളെ ദജ്ജാലിൽ നിന്നും രക്ഷിക്കേണമേ! അവരുടെ കഷ്ടതകളെ ദൂരീകരിക്കേണമേ! അവരുടെ ബുദ്ധിമുട്ടുകളെ മാറ്റിക്കൊടുക്കേണമേ!

❈ അല്ലാഹ്! നീ അവർക്ക് കാണിച്ചുകൊടുത്ത നിന്നിലേക്കുള്ള വഴിയിൽ നിന്നും തിരിഞ്ഞു പോകുന്നവരായി അവരെ മാറ്റരുതേ ! എന്തുതന്നെ സംഭവിക്കിലും, നിന്റെ

മാർഗ്ഗത്തിൽ സ്ഥിരചിത്തരായി നില്ക്കുന്നവരും, നിന്റെ ദിവ്യദൃഷ്ടാന്തത്തെ ചേർത്തു നിർത്തുന്നവരും ആയി അവരെ മാറ്റേണമേ!

❄ അല്ലാഹ്! ഒരുപക്ഷേ അവർ ഈ കാര്യത്തെക്കുറിച്ച്–അതായത് നീ സൃഷ്ടിച്ച ഭൂമിയിൽ മനുഷ്യർക്ക് ഒരു കുറവുമില്ലാ എന്നും, എന്നിട്ടും നീ അവരെ തെരെഞ്ഞെടുക്കുകയും നിന്നിലേക്ക് അവരെ നേരിട്ട് എത്തിക്കുന്ന ഈ നൗകയിൽ (ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ) അവരെ കയറ്റുകയും ചെയ്തിരിക്കുന്നു എന്നതിനെപ്പറ്റി അവർക്ക് വേണ്ട ധാരണയില്ലാത്തവരും, അതിനെപ്പറ്റി ആഴത്തിൽ ചിന്തിക്കാത്തവരും ആയിരിക്കും. അങ്ങനെ അവർക്ക് ഈ നൂറ്റാണ്ടിൽ നീ ചെയ്തു കൊടുത്ത മഹത്തായ ഔദാര്യത്തിൽ യാതൊരുവിധ നന്ദിയും പ്രകടിപ്പിക്കാത്തവർ ആണെങ്കിൽ, തങ്ങൾ മറ്റുള്ളവരിൽ നിന്നും എങ്ങനെ വേറിട്ടിരിക്കുന്നു എന്നതിനെപറ്റിയും, അതിന്റെ പ്രാധാന്യത്തെപ്പറ്റിയും അറിവില്ലാത്തവരാണെങ്കിൽ, അല്ലാഹുവേ! നീ സർവ്വതിനും കഴിവുള്ളവനും, പ്രതാപവാനും ആണ് എന്ന് ഞാനറിയുന്നു–നിനക്ക് അവരിൽ നിന്നും ഈ അനുഗ്രഹത്തെ എടുത്തുമാറ്റാനും, അവരേക്കാൾ വിനയാന്വിതരും, കൃതജ്ഞതയുള്ളവരുമായ, ഭക്തദാസരെ പകരം വെക്കുവാനും സാധിക്കുന്നതാണ്. അങ്ങനെയുള്ള ആ ഭക്തദാസർ, ഈ ദിവ്യസന്ദേശം ലോകത്തിന്റെ നാനാകോണുകളിലും എത്തിക്കുന്നതിനും, ദീനിനു വേണ്ടി തങ്ങളുടെ ജീവനെയും, സ്വത്തിനെയും, അന്തഃസ്സിനെയും, രാവെന്നോ, പകലെന്നോ ഭേദമില്ലാതെ ത്യജിക്കാൻ സദാ സന്നദ്ധരുമായിരിക്കും!

❄ ഓ! അല്ലാഹ്! ഇതുതന്നെയാണ്, ഇതുതന്നെയാണ് ഞാൻ നിന്നിൽ അർപ്പിച്ചിരിക്കുന്ന പ്രതീക്ഷയും. എന്റെ ശത്രുക്കളെ കബളിപ്പിച്ചവൻ അങ്ങേയറ്റം പരിശുദ്ധനാകുന്നു.

❄ അല്ലാഹ്! നിശ്ചയമായും നീയെനിക്ക് അങ്ങേയറ്റം മഹത്തായ സഹായമാണ് നല്കിയിരിക്കുന്നത്!

❄ എന്റെ രാജാവേ! നിനക്ക് ഞാനെങ്ങനെയാണ് നന്ദി പറ

യുക എന്റെ നാഥാ? നീ എല്ലായ്പ്പോഴും എന്നോടൊപ്പമായിരുന്നു. എന്റെ ജീവന്റെ ഓരോ തരുമ്പും ഞാൻ നിനക്കായി ത്യജിച്ചിരിക്കുന്നു. എന്റെ ആപാദചൂഡവും നിന്റെ അനുഗ്രഹങ്ങളും, ഔദാര്യവും മാത്രമാണ്. സദാ നിന്റെ അനുഗ്രഹങ്ങളും, ഔദാര്യങ്ങളും എന്നിലേക്ക് നീ മഴപോലെ വർഷിച്ചുകൊണ്ടിരിക്കുകയാണല്ലോ തമ്പുരാനേ! നീയെനിക്കായി അനേകമനേകം ഔദാര്യങ്ങൾ നല്കുകയും, എന്നെ സിംഹാസനത്തിൽ ആസനസ്ഥനാക്കുകയും ചെയ്തിരിക്കുന്നു. ദീനിലും, ദുനിയാവിലും നീയെനിക്ക് ഒട്ടേറെ ഔദാര്യങ്ങൾ ചെയ്തിരിക്കുന്നു. ഇതിനൊക്കെ ഞാനെങ്ങനെ, എപ്പോൾ നന്ദി പറഞ്ഞു തീർക്കും? ഞാനൊന്നുമല്ല! നിന്റെ അനുഗ്രഹം കൊണ്ട്, നിന്റെ കാരുണ്യങ്ങൾ മഹത്തരമായിരിക്കുന്നു. എല്ലാ പ്രയാസങ്ങളിൽ നിന്നും, ദുരിതങ്ങളിൽ നിന്നും, എന്നെയും, ഭക്തിയും ആത്മാർത്ഥതയും കൊണ്ട് നിന്നെ സ്വായത്തമാക്കിയ എന്റെ കൂടെയുള്ളവരെയും നീ സഹായിക്കണമേ!

❄ എന്റെ പ്രിയങ്കരനേ! എന്നോട് ആത്മാർത്ഥത പുലർത്തുന്നവർക്ക് നിന്റെ പ്രശോഭിതമായ മുഖം സ്വന്തം കൺകളാലേ കാണാൻ സാധിക്കണമേ! അവരുടെ പ്രയാസങ്ങളെ എനിക്ക് കാട്ടിത്തരരുതേ. അതെന്നെ വേദനിപ്പിക്കുന്ന കാഴ്ചകളാണ് നാഥാ! അവരുടെ പാപങ്ങൾ പൊറുത്തു കൊടുക്കേണമേ! അവർ അറിഞ്ഞോ അറിയാതെയോ ചെയ്യുന്ന അനുസരണമില്ലായ്കൾ പൊറുത്തു കൊടുക്കേണമേ! അവരിൽ നിന്റെ അനുഗ്രഹം വാരിച്ചൊരിയേണമേ! അവർ ഭൗതീക ലോകത്തിന്റെ അടിമകളാകാത്ത വിധം അവരെ അനുഗ്രഹിക്കേണമേ! നിന്നോടുള്ള അനുസരണത്തിൽ പേരും പെരുമയും ഉള്ളവരാക്കി അവരെ മാറ്റേണമേ!

❄ അല്ലാഹുവേ! ഈ ആഗ്രഹമൊന്നുംതന്നെ എനിക്ക് പൂർത്തിയാക്കുവാൻ സാധിക്കുന്നതല്ല. അത് നിന്നിൽ

നിന്നും എല്ലാം ലഭിക്കുമ്പോൾ മാത്രമേ അതൊക്കെ സാധ്യമായി തീരുകയുള്ളൂ തമ്പുരാനേ! ഈ ഭൂമിയും ആകാശവുമെല്ലാം നിനക്കുള്ളതാകുന്നു. നീ തന്നെയാണ് അതെല്ലാം നിയന്ത്രിക്കുന്നവനും!

- ❄ അല്ലാഹുവേ! എനിക്കെന്റെ ക്ഷമയെ കൈവിട്ടുപോയിരിക്കുന്നു. കാരുണ്യവാനും, കരുണാമയനുമായ അല്ലാഹ്, നിന്റെ നാമം തന്നെ റഹ്മാൻ എന്നാണ്, എന്നെ എന്റെ പ്രശ്നങ്ങളിൽ നിന്നും രക്ഷിച്ചാലും!
- ❄ എന്റെ യജമാനൻ ആയുള്ളവനേ! എന്നെ എന്റെ കഷ്ടതകളിൽ നിന്നും, ബുദ്ധിമുട്ടുകളിൽ നിന്നും, ദുരിതങ്ങളിൽ നിന്നും, രോഗങ്ങളിൽ നിന്നും, പരീക്ഷണങ്ങളിൽ നിന്നും രക്ഷിക്കേണമേ!
- ❄ എന്റെ വിധി (നിന്നിലേക്കുമടങ്ങുവാനുള്ള സമയം) ആഗതമാകുന്ന നിമിഷംവരെയും നിന്റെ മാർഗ്ഗത്തിൽ നിനക്കായി സേവനം ചെയ്യുവാൻ എനിക്ക് കരുത്തും, ഊർജ്ജവും നല്കേണമേ!
- ❄ അല്ലാഹുവേ! നിന്റെ ആജ്ഞകൾ എങ്ങും എവിടെയും പരിലസിക്കുന്നു നാഥാ! ഈ ജീവനും, സമയവും നിന്റേതു മാത്രം തന്നെയാകുന്നു!
- ❄ അല്ലാഹുവേ! എന്നിലുള്ള ദുഷ്ടതകളും, അശുദ്ധികളും അകറ്റേണമേ! എല്ലാ ദുരാചാരങ്ങളിൽ നിന്നും എന്നെ നീ മാറ്റി നിർത്തേണമേ! ദൈവീക ദൃഷ്ടാന്തങ്ങളാൽ എന്നെ ശക്തിപ്പെടുത്തേണമേ! എനിക്ക് കരുത്തും, ധൈര്യവും നല്കേണമേ! നിന്റെ പിന്തുണയോടെ എന്നെ ഭക്തിയിലേക്ക് വഴി നടത്തേണമേ! അല്ലാഹുവേ! നീ ദീനരുടെ കണ്ണുകൾക്ക് കുളിർമ്മ പകരുന്നവനല്ലേ!
- ❄ എന്റെ നാഥാ! നീ എനിക്ക് ഭക്തി നല്കേണമേ. ആത്മാർത്ഥമായ പശ്ചാത്താപം കൊണ്ട് എന്റെ ഹൃദയത്തെ വിശാലമാക്കേണമേ!
- ❄ യാ അമാനൽ ഖാഇഫീൻ (**Yaa Amaanal khaa-ifeen**) അല്ലയോ! ഭയചകിതരായവർക്ക് അഭയമാകുന്നവനേ! അല്ലാഹ്! നിന്റെ

കല്പനകൾ പാലിക്കുന്നതിന് എനിക്ക് കരുത്ത് പകരേണമേ! നിന്റെ ഔദാര്യവും, ദയാവായ്പും കൊണ്ട് എന്നെ പിന്തുണയ്ക്കേണമേ! നിന്നോട് സദാ നന്ദികാട്ടുന്നവനും, കൃതജ്ഞത കാണിക്കുന്നവും ആക്കി മാറ്റേണമേ! നീ എന്നെ നന്ദിയില്ലാത്തവനാക്കി മാറ്റരുതേ! എന്നെ നീ നിന്റെ സംരക്ഷണവലയത്തിൽ ആക്കേണമേ!

❄ അല്ലാഹുവേ! നിന്നിൽ നിന്നുള്ള ഒരനുഗ്രഹം എനിക്കു നല്കേണമേ. എനിക്ക് അനാഥരോട് സ്നേഹവായ്പോടെ പെരുമാറാനും, എന്റെ വരുമാനത്തിനുള്ളിൽ നിന്നു കൊണ്ട് അവരെ സഹായിക്കുവാനുള്ള അവസരം നല്കുകയും ചെയ്യേണമേ! വിശപ്പനുഭവിക്കുന്നവരോട് സഹാനുഭൂതിയോടെ ഇടപെടാനും, എല്ലായിടത്തും സമാധാനവും, ശാന്തിയും സ്ഥാപിക്കാനും, എല്ലാവർക്കും ഒരുമയോടെ ജീവിക്കാനും സാധിക്കുമാറാകേണമേ!

❄ അല്ലാഹുവേ! നിന്റെ മഹത്തായ അനുഗ്രഹത്തിന്റെ, കരുണയുടെ ഒരു പങ്ക് എനിയ്ക്കായി നീക്കിവയ്ക്കേണമേ! നിന്റെ സുവ്യക്ത ദൃഷ്ടാന്തങ്ങളിലേക്ക് എന്നെ വഴി നടത്തേണമേ! നിന്റെ പ്രീതി കരസ്ഥമാക്കുവാൻ എന്നെ പ്രാപ്തനാക്കേണമേ! നീ നിന്റെ തെരെഞ്ഞെടുക്കപ്പെട്ട ഭക്തദാസരോട് കാണിക്കുന്ന സ്നേഹത്തിന് എന്നെയും പാത്രമാക്കേണമേ!

ഈ ദുആ ചൊല്ലിക്കൊണ്ട് ഞാൻ അവസാനപ്പിക്കുകയാണ് "അല്ലാഹുവേ! ഞാൻ നിന്നോട് സ്വർഗ്ഗത്തെ ചോദിക്കുന്നു. അതിലേക്ക് എന്നെ എത്തിക്കുന്ന എല്ലാ വാക്കുകളെയും, കർമ്മങ്ങളെയും ലഭ്യമാക്കുവാനായി ഞാൻ അഭ്യർത്ഥിക്കുന്നു. നരകശിക്ഷയിൽ നിന്നും സംരക്ഷണം നല്കേണമേ! അതിലേക്ക് എന്നെ അടുപ്പിക്കുന്ന വാക്കുകളിൽ നിന്നും, കർമ്മങ്ങളിൽ നിന്നും എനിക്ക് സംരക്ഷണം നല്കേണമേ! എനിക്ക് പ്രയോജനപ്രദമായതിനെ നീയെനിക്ക് കനിഞ്ഞരുളേണമേ നാഥാ! ആമീൻ! സുമ്മ ആമീൻ"!

ഇൻശാഹ് അല്ലാഹ്-അടുത്ത ആഴ്ചയും ദുആകൾ എന്ന വിഷയത്തിൽ ഖുത്തുബ നിർവ്വഹിക്കുവാനുള്ള അവസരം

നല്കി അനുഗ്രഹിക്കുമാറാകട്ടെ!

ഈദുൽ അദ്ഹായോടനുബന്ധിച്ച് ഞാനെല്ലാ മുസ്ലിം സഹോദരങ്ങൾക്കും എന്റെ അനുയായികൾക്കും ഈദുൽ അദ്ഹാ മുബാറക്ക് നേരുന്നു.

കോംഗോസിലും, മഡഗാസ്കറിലും ഖുർബാനി നിർവ്വഹിക്കുവാനായി അവരവരാൽ കഴിയുന്ന സാമ്പത്തിക സഹായം നല്കിയ എല്ലാവരെയും നന്ദി അറിയിക്കണമെന്നാഗ്രഹിക്കുകയാണ്. അൽഹംദുലില്ലാഹ്! ആ രാജ്യങ്ങളിൽ നിന്നുള്ള സഹോദരങ്ങൾ എന്നെ ഫോണിൽ വിളിച്ച് നിങ്ങളോട് നന്ദി പറയുവാനും, നിങ്ങൾക്കായി പ്രാർത്ഥിയ്ക്കുവാനും ആവശ്യപ്പെട്ടിരിക്കുന്നു.

അല്ലാഹു നിങ്ങളുടെ എല്ലാ ത്യാഗങ്ങളെയും സ്വീകരിക്കുമാറാകട്ടെ. അവന്റെ മാർഗ്ഗത്തിൽ സേവനം ചെയ്യുവാനായി ദീർഘായുസ്സും, ആരോഗ്യവും നല്കി അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ. ഹസ്രത് ഇബ്രാഹിം(അ)യുടേയും ഹസ്രത് ഇസ്മാഈൽ (അ)യുടെയും ഹസ്രത് ഹാജറ(റ)യുടേയും ത്യാഗമനോഭാവം സ്വായത്തമാക്കുവാൻ നമ്മെ ഓരോരുത്തരെയും അല്ലാഹു പ്രാപ്തരാക്കട്ടെ. ഇൻശാഅല്ലാഹ്, നാളെ 2020 ആഗസ്റ്റ് 1ന് ഈദുൽഅദ്ഹ ഖുതുബ വേളയിൽ ഞാൻ ഈ വിഷയത്തിൽ നിങ്ങളോട് സംസാരിക്കുന്നതാണ്.

**EID-UL-ADHA MUBARAK !**



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*